# GOVERNMENT OF KERALA

**Abstract**

Electronics and Information Technology Department- Government Guarantee to KFON Limited for availing loan for raising working capital- Issued- Orders issued.

**ELECTRONICS AND INFORMATION TECHNOLOGY (B) DEPARTMENT**

G.O.(Ms)No.6/2024/ITD Dated,Thiruvananthapuram, 07-06-2024

Read:- 1) G.O.(Ms)No. 487/04/Fin dated 16.10.2004.

2) Circular No.65/2021/FIN dated 09.08.2021.

3) DO No.KFON/MD/2024/355 dated 30-01-2024 and letter No.KFON/MD/2023-24/499 dated 05-04-2024 of the Managing Director, KFON Limited.

**ORDER**

As per the Articles of Association of KFON Limited, the company is entitled to borrow funds with the permission of the Board of Directors. The Board of Directors examined various options for raising funds and resolved to entrust the Managing Director, KFON Limited to adopt suitable method to raise funds and to take appropriate action in the matter.

2) The Managing Director, KFON Limited apprised the intention to avail loan from Bank for raising working capital in the meeting chaired by the Chief Secretary held on 29-01-2024 and wherein it was directed to examine the possibility of issuing Government Guarantee for availing the loan. Subsequently, the Managing Director, KFON Limited as per the communications read as 3rd paper above submitted a proposal to issue Government Guarantee to avail loan to the tune of Rs.25,000,0000/- (Rupees Twenty Five Crore Only) for five years from Indian Bank, Main branch, Thiruvananthapuram at an interest rate ranging between 8.50% and 9.20%.

3) Government have examined the matter in detail and are pleased to issue Government Guarantee to KFON Limited for availing a loan of Rs.25,000,0000/- (Rupees Twenty Five Crore Only) for five years from Indian Bank, Main Branch, Thiruvananthapuram at an interest rate ranging between 8.50% and 9.20% as working capital subject to the following terms and conditions:-

i. Commission on Government Guarantee @ 0.75% shall be remitted as

per the G.O. read as $1^{st}$ paper above and Kerala Ceiling on Government Guarantee Act, 2003.

ii. Simple interest @ 12% shall be charged for delayed payments of Commission on Government Guarantee as specified in clause No.5 of the G.O. read as $1^{st}$ paper above.

iii. The Managing Director, KFON Limited shall sent half yearly report to Government in Finance Department with attested copies of challans remitting commission on Government Guarantee & penal interest, if any, indicating details of guaranteed amount outstanding, commission on guarantee payable (with Calculation Statement).

iv. Since the commission on Government Guarantee cannot be waived as per Kerala Ceiling on Government Guarantee Act, 2003, the Managing Director, KFON Limited shall pay the commission without fail.

v. A deed of Guarantee shall be executed, as per the circular read as $2^{nd}$ paper above, and the deed invariably contain the Government Order number and date of issue of Government Guarantee, Amount & period of Guarantee & the Ceiling limit as per Kerala Ceiling on Government Guarantee Act, 2003 (as amended through Finance Act.2, 2022).

vi. The Managing Director, KFON Limited shall ensure the remittance of dues of commission on Government Guarantee, if any, before the execution of deed.

4) The Secretary, Electronics and Information Technology Department is authorised to execute the deed of Guarantee on behalf of the Government of Kerala.

(By order of the Governor)
DR RATHAN U KELKAR I A S
SECRETARY

To:
The Managing Director, KFON Limited, Thiruvananthapuram.
The Principal Accountant General (A&E) Kerala, Thiruvananthapuram.
The Principal Accountant General (G&SSA), Kerala, Thiruvananthapuram.
Finance Department (Ref:-No.2692302/PU-B3/7/2024-FIN dated 01-04-2024).
General Administration (SC) Department (vide item No.2182 dated 24-05-2024).
The Information Officer, Web & New Media, I & PR Department
Stock File/ Office Copy

Forwarded /By order

Signed by Mahesh. R
Date: 07-06-2024 19:30:31
Section Officer

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-05-2024

ഫയൽ നം. ഐ.ടി.-ബി1/164/2023/ഐ.ടി.ഡി. ഇനം നം: 2182

വിഷയം : ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് - കെ-ഫോൺ ലിമിറ്റഡിന് വായ്പയെടുക്കാൻ സർക്കാർ ഗ്യാരണ്ടി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ്.

n/e

24/5/m

Dr. RATHAN. U. KELKAR IAS
Secretary
Electronics & Information Technology Dept.
Govt. Secertariat,
Thiruvananthapuram.

ASLWT

2182

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഐ.ടി.–ബി 1/164/2023–ഐ.ടി.ഡി. |
| 2. | വകുപ്പ് | : | ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും (ബി) വകുപ്പ് |
| 3. | വിഷയം | : | കെ–ഫോൺ ലിമിറ്റഡിന് വായ്പയെടുക്കാൻ സർക്കാർ ഗ്യാരണ്ടി നൽകുന്നത് – സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 22–04–2024. |
| 5. | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(II) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | (I) അതെ.<br>(II) ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. രാജേഷ് കുമാർ എം. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. പ്രണബ് ജ്യോതി നാഥ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03–05–2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 06–05–2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 19–05–2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 21–05–2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കെ-ഫോൺ ലിമിറ്റഡിന് ഇന്ത്യൻ ബാങ്കിൽ നിന്നും 25 കോടി രൂപ അഞ്ച് വർഷത്തേക്ക് വായ്പ ലഭ്യമാക്കാൻ സർക്കാർ ഗ്യാരണ്ടി നൽകുന്നതിന് മന്ത്രിസഭയുടെ അനുമതി തേടുന്നതിനായി സമർപ്പിക്കുന്നതാണ് ഈ കുറിപ്പ്.

2) കെ-ഫോൺ ലിമിറ്റഡിന്റെ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ പ്രകാരം ഡയറക്ടർ ബോർഡിന്റെ അനുമതിയോടെ കമ്പനിക്ക് വായ്പയെടുക്കാൻ സാധിക്കും. കെ-ഫോണിന്റെ പ്രവർത്തനത്തിന് മൂലധനം കണ്ടെത്താനുള്ള വിവിധ മാർഗ്ഗങ്ങൾ കെ-ഫോൺ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് പരിശോധിച്ചിരുന്നു (പത്തൊൻപതാമത്തെ ബോർഡ് യോഗം). കെ-ഫോണിനെ സ്റ്റാർട്ട് അപ്പ് ആയി അംഗീകരിച്ച് വെഞ്ചർ ക്യാപിറ്റൽ ഫണ്ട് കണ്ടെത്തുക, കിഫ്ബിയിൽ നിന്നും ഫണ്ട് കണ്ടെത്തുക, ബാങ്ക് ലോൺ ലഭ്യമാക്കുക തുടങ്ങിയ മാർഗ്ഗങ്ങൾ ബോർഡ് യോഗം പരിഗണിക്കുകയും പ്രവർത്തന മൂലധനം കണ്ടെത്തുന്നതിന് ഇവയിലൊരു മാർഗ്ഗം സ്വീകരിക്കാൻ ഉചിതമായ നടപടിയെടുക്കാൻ കെ-ഫോൺ മാനേജിങ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു.

3) പ്രവർത്തന മൂലധനം കണ്ടെത്തുന്നതിന് ബാങ്കിൽ നിന്നും വായ്പയെടുക്കാൻ ഉദ്ദേശിക്കുന്ന കാര്യം 29-01-2024-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കെ-ഫോൺ മാനേജിങ് ഡയറക്ടർ അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത വായ്പയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്ന വിഷയം പരിശോധിക്കാൻ ചീഫ് സെക്രട്ടറി നിർദേശിച്ചു. ഇന്ത്യൻ ബാങ്കിന്റെ തിരുവനന്തപുരത്തുള്ള മെയിൻ ബ്രാഞ്ചിൽ നിന്നും 25 കോടി രൂപ 5 വർഷത്തേക്ക് വായ്പയെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് കെ-ഫോൺ മാനേജിങ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യൻ ബാങ്ക് നൽകിയ താല്പര്യ പത്രം പ്രകാരം 8.50% മുതൽ 9.20% വരെയുള്ള പലിശ നിരക്കാണ് വായ്പയ്ക്ക് നിശ്ചയിക്കുക.

4) കെ-ഫോൺ മാനേജിങ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചശേഷം 25 കോടി രൂപ വായ്പ്പയെടുക്കാൻ സർക്കാർ ഗ്യാരണ്ടി അനുവദിക്കുന്നതിന് നിബന്ധനകൾക്ക്

വിധേയമായി ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം സമ്മതം നൽകി

"'Finance' agrees to issue Government guarantee for an amount of Rs.25 cr for 5 years to avail loan from Indian Bank as part of raising working capital for the KFON project subject to the following terms and conditions of Government Guarantee:-

i. Guarantee Commission @ 0.75% shall be remitted as per orders in G.O. (Ms) 487/04/Fin dated 16.10.2004 & Guarantee Act.

ii. Simple interest @ 12% shall be charged for delayed payments as specified in clause 5 of Government Order dtd 16.10.2004.

iii. Half yearly report shall be sent to Government in Finance Department with attested copies of chalans remitting Guarantee Commission & penal interest, if any, indicating details of guaranteed amount outstanding, guarantee commission payable (with Calculation Statement).

iv. Administrative Department should ensure the remittance of Guarantee Commission dues if any, before the execution of deed.

v. Since Guarantee Commission cannot be waived as per Guarantee Act, Administrative Department may evolve a proper mechanism for the strict payment of Guarantee Commission without any fault.

vi. The Guarantee Deed shall invariably contain the Govt Order No. & date of Government Guarantee, Amount & period of Guarantee & the Ceiling limit as per KCGG Act,2003 (as amended through Finance Act.2, 2022) & should be got vetted by Law Dept.

'This has the approval of Competent Authority'"

5) കെ-ഫോൺ ലിമിറ്റഡിന് വായ്പയെടുക്കാൻ സർക്കാർ ആദ്യമായാണ് ഗ്യാരണ്ടി നൽകുന്നത്. ആയതിനാൽ, ധനകാര്യ വകുപ്പ് നിർദേശിച്ച നിബന്ധന പ്രകാരമുള്ള കമ്മീഷൻ കുടിശിക നിലവിലില്ല. എന്നാൽ, ഗ്യാരണ്ടി നൽകുന്നതിനുള്ള കമ്മീഷൻ 16.10.2004-ലെ G.O. (Ms)No.487/04/Fin പ്രകാരം വർഷത്തിൽ രണ്ട് തുല്യ ഗഡുക്കളായി കെ-ഫോൺ ലിമിറ്റഡ് സർക്കാരിൽ അടയ്ക്കണം. സർക്കാർ ഗ്യാരണ്ടി നൽകുന്നതിന് ഉത്തരവായ ശേഷം, 09.08.2021-ലെ ധനകാര്യ വകുപ്പിന്റെ 65/2021/ധന നമ്പർ സർക്കുലർ പ്രകാരമുള്ള ഗ്യാരണ്ടി കരാറിൽ ഭരണ വകുപ്പ് സെക്രട്ടറി, ഇന്ത്യൻ ബാങ്ക് പ്രതിനിധി എന്നിവർ ഏർപ്പെടേണ്ടതുണ്ട്. 2003-ലെ ഗ്യാരണ്ടി ആക്ട് (Kerala Ceiling on Government Guarantees Act, 2003) പ്രകാരമുള്ള സർക്കാർ ഗ്യാരണ്ടി നൽകുന്ന ആകെ തുകയുടെ പരിധി പ്രസ്തുത കരാറിൽ ഉൾപ്പെടുത്തണമെന്ന്

ധനകാര്യ വകുപ്പ് നിർദേശിച്ചിട്ടുണ്ട്. ഗ്യാരണ്ടി ആക്ട് പ്രകാരം സർക്കാർ ഗ്യാരണ്ടി നൽകുന്ന തുകയുടെ ആകെ പരിധി എന്നത് നടപ്പ് സാമ്പത്തിക വർഷത്തിലെ ഏപ്രിൽ ഒന്നാം തീയതിയിലെ കണക്ക് പ്രകാരം മുൻ സാമ്പത്തിക വർഷത്തെ ആകെ റവന്യൂ വരുമാനം (ബഡ്ജറ്റ് പ്രകാരം) അല്ലെങ്കിൽ സംസ്ഥാന ജിഡിപി-യുടെ പത്ത് ശതമാനം ഇതിൽ ഏതാണോ കുറവ് പ്രസ്തുത തുകയാണ്. പ്രസ്തുത പരിധി കടന്നതായി ധനകാര്യ വകുപ്പ് അറിയിച്ചിട്ടില്ല. ആയതിനാൽ, ധനകാര്യ വകുപ്പ് നിർദേശിച്ച ഗ്യാരണ്ടി നൽകുന്ന തുകയുടെ പരിധി മറികടന്നിട്ടില്ലെന്ന വ്യവസ്ഥ ഗ്യാരണ്ടി ഡീഡിൽ ഉൾപ്പെടുത്താവുന്നതാണ്.

6) കെ-ഫോൺ ലിമിറ്റഡിന് ഇന്ത്യൻ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കാൻ സർക്കാർ ഗ്യാരണ്ടി നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട സംഗതി**

I) ഖണ്ഡിക നമ്പർ 4-ൽ പരാമർശിച്ച ധനകാര്യ വകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പ്രവർത്തന മൂലധനമായി 25,000,0000/- രൂപ (ഇരുപത്തിയഞ്ച് കോടി രൂപ മാത്രം) 5 വർഷത്തേക്ക് ഇന്ത്യൻ ബാങ്കിന്റെ തിരുവനന്തപുരത്തുള്ള മെയിൻ ബ്രാഞ്ചിൽ നിന്നും, 8.50% മുതൽ 9.20% വരെയുള്ള പലിശ നിരക്കിൽ, കെ-ഫോൺ ലിമിറ്റഡിന് വായ്പ്പയെടുക്കാൻ സർക്കാർ ഗ്യാരണ്ടി നൽകാവുന്നതാണോ?

ii) മുൻ ഖണ്ഡികയിലെ തീരുമാനം പ്രകാരം സർക്കാർ ഗ്യാരണ്ടി നൽകുന്നതിനുള്ള ഗ്യാരണ്ടി കരാറിൽ ഏർപ്പെടാൻ ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണോ?